**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **09-12-2022 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എൻജിനീയറിങ് ഡിപ്ലോമ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം പോളിടെക്നിക്കുകളിലാണ് നിലവിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തിവരുന്നത് എന്നും ഓരോ സ്ഥലത്തും എത്ര സീറ്റുകൾ വീതം ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്കുകളും, ഓരോ സ്ഥാപനത്തിലും അനുവദിച്ചിരിക്കുന്ന സീറ്റുകളുടെ എണ്ണവും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ പോളിടെക്നിക് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ അംഗീകാരം ആവശ്യമാണ്. ഇതിനായി അടിസ്ഥാന സൗകര്യത്തോടൊപ്പം എൻ.ബി.എ. അക്രഡിറ്റേഷനും നിർബന്ധമാക്കിയിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പൊതു തീരുമാനത്തിനു വിധേയമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| സീരിയൽ നമ്പർ | പോളിടെക്നിക്ക് കോളേജ് | സർക്കാർ /എയ്ഡഡ്/ സ്വാശ്രയ മേഖല/ ഐ.എച്ച്.ആർ.ഡി | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | വെച്ചൂച്ചിറ പോളിടെക്നിക്ക് കോളേജ് | സർക്കാർ മേഖല | 60 |
| 2 | ഇ.കെ.എൻ.എം.പോളിടെക്നിക്ക് കോളേജ് , തൃക്കരിപ്പൂർ | ഐ.എച്ച്.ആർ.ഡി | 60 |
| 3 | മോഡൽ പോളിടെക്നിക്ക് കോളേജ്, പൈനാവ് | ഐ.എച്ച്.ആർ.ഡി | 60 |
| 4 | കെ.കരുണാകരൻ മെമ്മോറിയൽ മോഡൽ പോളിടെക്നിക്ക് കോളേജ്, മാള | ഐ.എച്ച്.ആർ.ഡി | 60 |
| 5 | മോഡൽ പോളിടെക്നിക്ക് കോളേജ്,വടകര | ഐ.എച്ച്.ആർ.ഡി | 60 |
| 6 | ഇ.കെ.നയനാർ മെമ്മോറിയൽ പോളിടെക്നിക്ക് കോളേജ്, കല്യാശ്ശേരി | ഐ.എച്ച്.ആർ.ഡി | 60 |
| 7 | പി.എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി , തിരുവനന്തപുരം | സ്വാശ്രയം | 60 |
| 8 | എ.ഡബ്ല്യൂ.എച്ച്., പോളിടെക്നിക്ക് കോളേജ്, കോഴിക്കോട് | സ്വാശ്രയം | 60 |
| 9 | കെ.എം.സി.റ്റി. പോളിടെക്നിക്ക് കോളേജ്, മനശ്ശേരി , കോഴിക്കോട് | സ്വാശ്രയം | 60 |